**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കോട്ടിക്കളത്ത് ഫിഷിംഗ് ഹാർബർ നിർമിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 26.3.2018 ലെ സ.ഉ.(സാധാ) നം. 232/2018/ മ.തു.വ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്കായി 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നാളിതുവരെയായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കോട്ടിക്കുളത്ത് മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വെ, പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ സമയത്തെ വിന്റ് ആന്റ് വേവ് ഒബ്സർവേഷൻ, ബീച്ച് പ്രൊഫൈൽ ക്രോസ് സെക്ഷൻ, ബെഡ്-വാട്ടർ സാംപിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടൈഡൽ ഒബ്സർവേഷൻ എന്നിവയാണ് ചെയ്യേണ്ടത്. ഇതിൽ പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വെ പ്രവർത്തികളും ബീച്ച് പ്രൊഫൈൽ ക്രോസ് സെക്ഷൻ, ബെഡ്-വാട്ടർ സാംപിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടോപ്പോഗ്രാഫിക് സർവ്വെ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ് നടത്തി റിസൾട്ട് തയ്യാറാക്കി വരുന്നു. |
| (സി) | ഇനി ഏതൊക്കെ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ചെയ്യാനുണ്ട്; വിശദാംശം അറിയിക്കാമോ? | (സി) | അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാൽ ടി പ്രവൃത്തിയുടെ മാതൃകാപഠനം എം.ഐ.കെ.ഇ 21 സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തേണ്ടതുണ്ട്. മാതൃകാപഠനം പൂർത്തിയാക്കി ഹാർബർ ലേ ഔട്ട് അന്തിമമാക്കിയ ശേഷം പാരിസ്ഥിതികാഘാത പഠനം, കോസ്റ്റൽ റെഗുലേഷൻ സോൺ മാപ്പിംഗ് എന്നിവ നടത്തി കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയതിനു ശേഷം വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ